(സി) ഏറ്റെടുത്ത റോഡുകൾക്കായി എത്ര കോടി രൂപ മാറ്റിവച്ചു എന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) റോഡുകളും പാലങ്ങളും വിഭാഗത്തിൽ 126 പണികൾ ഉൾപ്പെടുത്തിയിരുന്നു. ഇതിൽ 31 പണികളുടെ നിർമ്മാണോദ്ഘാടനം നടത്തുവാനും 29 പണികൾ പൂർത്തിയാകുവാനും കഴിഞ്ഞു. ബാക്കിയുള്ള പണികൾ ഭൂരിഭാഗവും ടാറിംഗ് പണികൾ മാത്രം തീരാനുള്ളവയാണ്. ടാർ ലഭ്യത അനുസരിച്ച് പണി പൂർത്തിയാക്കിവരികയാണ്.

ദേശീയപാതാ വിഭാഗത്തിൽ 7 പണികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ താഴെ പറയും പ്രകാരമാണ്.

(1) കരമന–പൂജപ്പുര, കട്ടാക്കട–മണ്ഡപത്തിൻകടവ് റോഡ്.

(2) എരുമേലി–ചാലക്കയം, മൂന്നാഘട്ടം.

(3) ധർമ്മടം പാലം പുനർനിർമ്മാണം

(4) തിരൂർ–മലപ്പുറം റോഡിന്റെ വികസനം

(5) ഗുരുവായൂർ–ചാവക്കാട് ചുണ്ടൽ റോഡ്

(6) I.R.Q.P. N.H. 17–ൽ കി.മീ. 145 മുതൽ 157 വരെ.

(7) I.R.Q.P. N.H. 47-A–യിൽ കി.മീ. 0/00 മുതൽ 5/920 വരെ

കെട്ടിട വിഭാഗത്തെ സംബന്ധിച്ച വിവരം ലഭ്യമാക്കുന്നതാണ്.

(ബി) ദേശീയപാതാ വിഭാഗത്തിൽ 59.955 കി. മീ. റോഡ് ഏറ്റെടുത്തിട്ടുണ്ട്. റോഡുകളും പാലങ്ങളും വിഭാഗത്തിൽ &193 കി. മീ. റോഡുകൾ ഏറ്റെടുത്തു. അതിനുശേഷം 2580 കി. മീ. റോഡുകൾ കൂടി ഏറ്റെടുക്കാൻ ഉത്തരവായിട്ടുണ്ട്.

(സി) ദേശീയപാതയിൽ ഏറ്റെടുത്ത റോഡുകൾക്കായി 21.97 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ഇതുവരെ തുക ചെലവാക്കിയിട്ടില്ല. റോഡുകളും പാലങ്ങളും വിഭാഗത്തിൽ പ്രത്യേകിച്ച് തുകയൊന്നും മാറ്റിവച്ചിട്ടില്ല.

ദേശീയപാത വികസന പദ്ധതി

36 [3561] *ശ്രീ. വി. കെ. ചന്ദ്രൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ഈയിടെ പ്രഖ്യാപിച്ച ദേശീയപാത വികസന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയപാത വികസന പദ്ധതിയിൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അവഗണിച്ചതായി കരുതുന്നുണ്ടോ ; എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ദേശീയപാത വികസന പദ്ധതിയിൽ ഉൾപ്പെട്ട ഏതെങ്കിലും റോഡുകളുടെ പണി സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് പറയുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന ദേശീയപാതകൾ ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

എൻ. എച്ച്. 47 - ചേർത്തല മുതൽ തിരുവനന്തപുരം വരെ - 900 കോടി രൂപ.

എൻ. എച്ച്. 17 - ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ - 900 കോടി രൂപ

എൻ. എച്ച്. 17 - കോഴിക്കോട് മംഗലപുരം - 1150 കോടി രൂപ.

തൃപ്പൂണിത്തുറ, കോതമംഗലം, മൂവാറ്റുപുഴ ബൈപാസുകൾക്കു വേണ്ടി - 103 കോടി രൂപ.

(ബി) സംസ്ഥാനത്തെ അവഗണിച്ചതായി കരുതുന്നില്ല.

(സി) പണി ആരംഭിക്കുന്നത് കേന്ദ്ര സർക്കാരിന്റെ തീരുമാനമനുസരിച്ചാണ്.

സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസന പ്രവർത്തികൾ

37 [3562] *പ്രൊഫ. എ. ഡി. മുസ്തഫ* :

ശ്രീമതി രാധാരാഘവൻ :

ശ്രീ. വി. ഡി. സതീശൻ :

,, എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനത്തിനായി മൊത്തം എത്ര ഭൂമിയാണ് ഏറ്റെടുക്കേണ്ടത് എന്നു വെളിപ്പെടുത്തുമോ ;

(ബി) അതിൽ എത്ര ഭൂമി ഇതുവരെ ഏറ്റെടുത്തു കഴിഞ്ഞു എന്നും ബാക്കി ഭൂമി എന്നത്തേക്ക് ഏറ്റെടുക്കാൻ കഴിയും എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) എൻ. എച്ച്. 47 നാലുവരിയാക്കുന്നതിന് 625 ഹെക്ടർ ഭൂമിയും, എൻ. എച്ച്. 17 നാലുവരിയാക്കുന്നതിന് 1354 ഹെക്ടർ ഭൂമിയും ആവശ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly